# 9

## ചോ:

# “കൃപയിൽ നിന്ന് വീണുപോകുവാൻ സാധ്യതയുണ്ടെങ്കിൽ, ഒരു ക്രിസ്ത്യാനിക്ക് എന്തെങ്കിലും ഉറപ്പ് എങ്ങനെ ലഭിക്കും?”

## ഉത്തരം:

ഒരു ക്രിസ്ത്യാനി കൃപയിൽ നിന്നു വീണുപോകാൻ സാധ്യത യുണ്ടെന്നു നാം പഠിപ്പിക്കുന്നു. മറ്റുള്ള പലരും ക്രിസ്ത്യാനി കൃപയിൽ നിന്നു വീണുപോകുന്നത് അസാധ്യമാണെന്നു പഠിപ്പിക്കുന്നു. പ്രചാരത്തി ലിരിക്കുന്ന ഒരു നാമധേയവിഭാഗത്തിന്റെ ഒരു പ്രാദേശിക സഭയുടെ വിശ്വാസ പട്ടികയിൽ താഴെ പറയുന്ന പ്രസ്താവനകൾ ഉൾപ്പെടുത്തി: “വിശ്വാസിയുടെ നിത്യമായ ഭദ്രതയിൽ ... ഞങ്ങൾ വിശ്വസിക്കുന്നു; അതാ യത് ദൈവഭവനത്തിലേക്കു ജനിക്കുന്ന ഒരാൾ നഷ്ടപ്പെടുക എന്നത് അസാദ്ധ്യമാണ്.” വിശ്വാസത്യാഗം അസാദ്ധ്യമാണെന്നു കരുതുന്ന ആളു കൾ ചോദിക്കാം: “വീണ്ടും ജനിച്ചിരിക്കുന്ന ഒരാൾക്ക് തന്റെ സ്വർഗ്ഗീയ ഭവനം നഷ്ടപ്പെടാമെന്ന് നിങ്ങൾ വിശ്വസിച്ചാൽ, നിങ്ങൾക്കു രക്ഷ ഉറപ്പാക്കുവാൻ എങ്ങനെ കഴിയും?”

വാസ്തവത്തിൽ, വീണുപോകുവാനുള്ള സാദ്ധ്യത ആണ് നമ്മെ രക്ഷ എങ്ങനെ ഉറപ്പാക്കാമെന്നു സംശയിപ്പിക്കുന്നത്. “അനുഗ്രഹത്തിൻ ഉറപ്പ്” എന്നു നാം പാടുന്നു, എന്നാൽ നമുക്ക് ഉറപ്പിനേക്കാൾ കൂടുതൽ സംശയ ങ്ങളാണ് ഉള്ളത്. നാം അതിശയിച്ചേക്കാം, “ഞാൻ ചെയ്ത പാപങ്ങളെ മോചി ക്കുവാൻ ദൈവത്തിനു കഴിയുമോ?”; “രക്ഷിക്കപ്പെടുവാൻ മതിയായതു ഞാൻ ചെയ്യുന്നുണ്ടോ?”; “ഞാനിന്നു മരിക്കുകയാണെങ്കിൽ, ഞാൻ സ്വർഗ്ഗ ത്തിൽ പോകുമോ?” നാം സ്വർഗ്ഗത്തിൽ പോകുമോ ഇല്ലയോ എന്ന് നമ്മോടു ചോദിച്ചാൽ, നാം പറയും “പോകുമെന്നാണ് ഞാൻ വിചാരിക്കുന്നത്,” അല്ലെ ങ്കിൽ “പോകുമെന്ന് ഞാൻ ആശിക്കുന്നു,” അല്ലെങ്കിൽ “പോകുമെന്നാണ് എന്റെ ചിന്ത.” നമ്മുടെ ഭാഷയും യഥാർത്ഥ ഉറപ്പ് പ്രതിഫലിപ്പിക്കയില്ല.

വിശ്വാസത്യാഗം സാധ്യമാണെന്ന് വിശ്വസിച്ചാൽ, നമുക്കു എങ്ങനെ അത്തരം തോന്നലുകളെ മറികടക്കാം? എങ്ങനെ നമുക്ക് ഉറപ്പിക്കാം?

### ക്രിസ്ത്യാനികൾക്ക് കൃപയിൽ നിന്നു വീണുപോകുവാൻ കഴിയും

ക്രിസ്ത്യാനികൾ തീർച്ചയായും കൃപയിൽ നിന്നു വീണുപോകുവാൻ സാദ്ധ്യതയുണ്ട്. നാം എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്? കാരണം ബൈബിൾ അങ്ങനെ പറയുന്നു.

*കൃപയിൽ നിന്നു വീണുപോകുക എന്നത് ഒരു സാദ്ധ്യതയാണ്.* കൃപ യിൽ നിന്നു വീണുപോകുന്നതിനെ കുറിച്ച് ക്രിസ്ത്യാനികളോടു മുന്നറി യിച്ചിട്ടുണ്ട്: “നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കി

ക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10:12). താൻ വീണുപോകാൻ സാദ്ധ്യത ഉണ്ടെന്നു പൗലൊസും പറഞ്ഞിട്ടുണ്ട് (1 കൊരിന്ത്യർ 9:27).

*കൃപയിൽ നിന്ന് വീണുപോയേക്കാമെന്നത് യഥാർത്ഥവും അപകടകരവുമാണ്:* "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ, പിന്മാറിപ്പോയാൽ, അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല ..." (എബ്രായർ 6:4–6). ആ ആളുകൾ തെറ്റിപ്പോകുന്നതിനു മുൻപ് രക്ഷിക്കപ്പെട്ടവരായിരുന്നു, കാരണം, ആ പറഞ്ഞതിൽ അഞ്ചിൽ രണ്ടു സ്വഭാവങ്ങൾ സൂചിപ്പിക്കുന്നതു, അവർ പ്രകാശം ലഭിച്ചവരും പരിശുദ്ധാത്മാവു പ്രാപിച്ചവരും ആയിട്ടാണ് – അവരെ കുറിച്ചു അവർ ക്രിസ്ത്യാനികൾ ആയിരുന്നു എന്നു മാത്രമെ നമുക്കു പറയുവാൻ കഴിയൂ.

*കൃപയിൽ നിന്നു വീണുപോകുക എന്നത് ഒരു വസ്തുതയാണ്.* ഗലാത്യർ 5:4 പറയുന്നു, "ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ, ക്രിസ്തുവിനോടു വേർപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്നു വീണുപോയി." ഇത് പറയുന്നത്, വെറും ഒരു സാദ്ധ്യതയല്ല, എന്നാൽ ഒരു യാഥാർത്ഥ്യമാണ്. ചിലർക്ക് അതു സംഭവിച്ചതാണ്!

*കൃപയിൽ നിന്നു വീണുപോകൽ നാശത്തിലേക്കു നയിക്കുന്നു.* യാക്കോബ് പറയുന്നു, "സഹോദരന്മാരെ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപോകയും, അവനെ ഒരുവൻ തിരിച്ചുവരുത്തുകയും ചെയ്താൽ, പാപിയെ നേർവഴിക്കാക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വം മറക്കയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ, ..." (യാക്കൊബ് 5:19,20). യാക്കൊബ് എഴുതുന്നത് ക്രിസ്ത്യാനികൾക്ക് (സഹോദരന്മാർ) ആണ്. ക്രിസ്ത്യാനികൾ പാപം ചെയ്യുവാൻ സാദ്ധ്യതയുണ്ട് എന്ന് അവൻ പറഞ്ഞു (സത്യത്തിൽനിന്നു തെറ്റിപ്പോകൽ); അവർക്ക് പരിവർത്തനം ചെയ്യുവാൻ അഥവാ മാറുവാൻ കഴിഞ്ഞിരുന്നു. അത് സംഭവിച്ചാൽ, ആ പാപിയെ ഒരാൾ രക്ഷിക്കുകയാണ് ഒരാൾ ചെയ്യുന്നത്. അതുകൊണ്ടു, അവന്റെ പാപം അവനെ മരണത്തിനായി ശിക്ഷിച്ചു.

ക്രിസ്ത്യാനികൾക്ക് പാപം ചെയ്യുവാൻ കഴിയും; അവർക്കു വീണുപോകുവാനും കഴിയും; അവർക്കു നിത്യമായും നഷ്ടപ്പെടുന്ന വിധത്തിൽ പാപം ചെയ്യുവാൻ കഴിയും. വാസ്തവത്തിൽ സാദ്ധ്യതയുള്ള ഒന്നാണ് വിശ്വാസത്യാഗം.

## ക്രിസ്ത്യാനിക്ക് ഉറപ്പിക്കുവാൻ കഴിയും

*നമുക്ക് ഉറപ്പിക്കുവാൻ കഴിയും, ഒന്നാമത്, കാരണം നാം രക്ഷിക്കപ്പെട്ടുവെന്ന് നമുക്ക് ഉറപ്പുണ്ട്.* പുതിയ നിയമത്തിലെ രക്ഷക്കുള്ള വഴി വ്യക്തമാണ്. നാം കൃപയാൽ (എഫെസ്യർ 2:8, 9) ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെടുന്നു (എഫെസ്യർ 1:7). രക്ഷിക്കപ്പെടുവാൻ നാം നമ്മുടെ കർത്താവും ദൈവപുത്രനുമായ യേശുവിൽ വിശ്വസിക്കുകയും അവനിലുള്ള വിശ്വാസം നാം ഏറ്റുപറയുകയും വേണം (റോമർ 10:9, 10). കൂടാതെ നാം, നമ്മുടെ പാപങ്ങളിൽ നിന്ന് തിരിഞ്ഞ് മാനസാന്തരപ്പെടുകയും വേണം (ലൂക്കൊസ് 13:3; പ്രവൃത്തികൾ 17:30). പിന്നീട് രക്ഷയ്ക്കുവേണ്ടി നാം

സ്നാനമേൽക്കുകയും വേണം (പ്രവൃത്തികൾ 2:38; 22:16).

ഇത്രയും ചെയ്താൽ, നാം രക്ഷിക്കപ്പെട്ടു എന്ന് നമുക്ക് ഉറപ്പിക്കാം. വിശ്വാസത്തിനും മാനസാന്തരത്തിനും ശേഷമുള്ള, സ്നാനം, പാപങ്ങളുടെ മോചനത്തിനാണ് (പ്രവൃത്തികൾ 2:38) ... പാപങ്ങൾ കഴുകിക്കളഞ്ഞശേഷം (പ്രവൃത്തികൾ 22:16) ... രക്ഷിക്കപ്പെട്ട് (1 പത്രൊസ് 3:21) ... ക്രിസ്തുവിനോടു ചേരുകയും ക്രിസ്തുവിനെ ധരിക്കുകയും ചെയ്യുന്നു (ഗലാത്യർ 3:27).

പുതിയ നിയമ എഴുത്തുകാർ ക്രിസ്ത്യാനികളെ സംബോധന ചെയ്ത് എഴുതിയപ്പോൾ, അവർ ആർക്കെഴുതിയോ അവർ രക്ഷിക്കപ്പെട്ടു എന്ന വസ്തുതയെ കുറിച്ച് യാതൊരു സംശയവും ഇല്ലാത്ത വിധത്തിലാണ് എഴുതിയത്. പൗലൊസ് ഗലാത്യരോടു പറഞ്ഞു: "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാത്യർ 3:26, 27). കൊലൊസ്യർക്ക് അവനെഴുതി, "നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച്, തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ, രാജ്യത്തിലാക്കി വെക്കുകയും ചെയ്ത, അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പുണ്ട്" (കൊലൊസ്യർ 1:13, 14). പത്രൊസ് "വീണ്ടും ജനിച്ച" ആളുകളോടാണ് എഴുതിയത് എന്നു പറഞ്ഞു (1 പത്രൊസ് 1:3) പിന്നീടു കൂട്ടിച്ചേർത്തു, "നിങ്ങൾ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കുന്നു ... കെടുന്ന ബീജത്താലല്ല, ജീവനുള്ളതും നിലനിൽക്കുന്നതുമായ, ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:22, 23). യോഹന്നാൻ എഴുതി, "കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാനും, പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; ..." (1 യോഹന്നാൻ 3:1).

പുതിയ നിയമ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടു എന്ന ഉറപ്പു അവർക്കുണ്ടായിരുന്നുവെങ്കിൽ, നമുക്കും അപ്പോൾ അത്തരത്തിൽ രക്ഷ ഉറപ്പാക്കാം. നാം സുവിശേഷം അനുസരിച്ചുവെങ്കിൽ – നാം വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, നമ്മുടെ വിശ്വാസം ഏറ്റു പറഞ്ഞ്, നമ്മുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനമേറ്റാൽ, സംശയരഹിതമായി, രക്ഷിക്കപ്പെട്ടുവെന്ന്, നമുക്ക് ഉറപ്പാക്കാം! നമുക്കു പറയുവാൻ കഴിയും: ഞാൻ രക്ഷിക്കപ്പെട്ടു. ഞാൻ വീണ്ടും ജനിച്ചിരിക്കുന്നു. ഞാൻ ഒരു ദൈവപൈതലായി തീർന്നിരിക്കുന്നു. ഞാൻ ദൈവരാജ്യത്തിലെ ഒരു പൗരനും സഭയിലെ ഒരംഗവും ആയിരിക്കുന്നു.

"വിശ്വാസത്താൽ മാത്രം" രക്ഷിക്കപ്പെട്ടു എന്നു പറയുന്ന ആളുകളെക്കാൾ നാം അനുസരണത്തിൽ ചില കാര്യങ്ങൾ ചെയ്യുമ്പോൾ, നമുക്കു പ്രത്യേകമായി അതു എടുത്തുപറയുവാൻ കഴിയും. ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചാൽ അല്ലെങ്കിൽ "ക്രിസ്തുവിനെ തങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിച്ചാൽ" ഒരാൾ രക്ഷിക്കപ്പെടും എന്ന ആശയം അനേകം പേർക്കുണ്ട്. അവർ ഒരിക്കൽ രക്ഷിക്കപ്പെട്ടു എന്നതിന്റെ ഏക തെളിവു, അവർ "ക്രിസ്തുവിനെ സ്വീകരിച്ച" ആ നിമിഷത്തെ കുറിച്ചു, ഓർക്കുവാൻ കഴിയുമ്പോഴാണ്. അങ്ങനെ, പിന്നീടു ഒരാൾക്കു എളുപ്പമാണ് – അയാൾ പാപം ചെയ്യുമ്പോൾ, ഉദാഹരണത്തിനു – അയാൾ ആദ്യം തന്നെ രക്ഷിക്കപ്പെട്ടോ എന്നതിൽ സംശയമുണ്ട്.

എന്നാൽ നമ്മുടെ പരാജയപ്പെടുന്ന ഓർമ്മകളെ ആസ്പദമാക്കിയല്ല

വാസ്തവത്തിൽ "ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിൽ സ്വീകരിക്കേണ്ടത്"; ഒരു ദിവസം നമ്മുടെ ജീവിതത്തിൽ നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേൽക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്ന് നമുക്ക് വെറുതെ ഓർക്കാം. അതുകൊണ്ട്, പുതിയ നിയമം പഠിപ്പിക്കുന്നത് നാം സുവിശേഷം അനുസരിക്കുമ്പോൾ രക്ഷിക്കപ്പെട്ടു എന്ന് നമുക്ക് ഉറപ്പാക്കുവാൻ കഴിയും എന്നാൽ ബൈബിളിനു പുറത്തുള്ള രക്ഷക്കുള്ള കാഴ്ച്ചപ്പാട് "ക്രിസ്തുവിനെ സ്വീകരിക്കൽ" അല്ലെങ്കിൽ "ക്രിസ്തുവിനെ ഹൃദയത്തിലേക്ക് ക്ഷണിക്കൽ" എന്നത് നമ്മെ ഉറപ്പിക്കുന്നില്ല.

*രണ്ടാമത്, നമുക്ക് ഉറപ്പിക്കുവാൻ കഴിയുന്നതിന്റെ കാരണം, നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയും എന്നതുകൊണ്ടാണ്.* ക്രിസ്ത്യാനി കൃപയിൽ നിന്നു വീണുപോകുമെന്ന് വിശ്വസിക്കുന്നതുകൊണ്ട്, നാം ഇതു സമ്മതിക്കണം, കഴിഞ്ഞ കാലത്ത് ഒരു ദിവസം നാം രക്ഷിക്കപ്പെട്ടു എന്നതുകൊണ്ട്, അതിൽ തന്നെ ഇന്നു ഉറപ്പുണ്ട് എന്നു പറയുവാൻ സാധ്യമല്ല. എങ്ങനെയായാലും, നാം കഴിഞ്ഞ കാലത്ത് രക്ഷിക്കപ്പെട്ടതാകാം, ഇന്ന് അതു നഷ്ടപ്പെടുവാനും ഇടയുണ്ട്. ഇപ്പോൾ നാം രക്ഷിക്കപ്പെട്ടു എന്നതിനു എന്താണ് ഉറപ്പ്? രണ്ടു കാരണങ്ങൾ കൊണ്ട്, ഇന്ന് നമുക്കത് ഉറപ്പിക്കുവാൻ കഴിയും.

*നാം വിശ്വസ്തരാകുവാൻ ദൈവം പ്രവർത്തിച്ചതുകൊണ്ടാണ് നമുക്ക് ഉറപ്പുള്ളത്.* നാം അവനിൽ നിന്ന് പിൻതിരിയുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, നാം വിശ്വസ്തരായി നിലനില്ക്കുവാൻ നമുക്കാവശ്യമുള്ളതെല്ലാം അവൻ നൽകുന്നു. അവൻ തന്റെ മക്കൾക്കു തരുന്നു:

*സ്നേഹമുള്ള ഒരു പിതാവ്.* "കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ, പിതാവ് എത്ര വലിയ സ്നേഹം നമുക്കു നൽകിയിരിക്കുന്നു; ..." (1 യോഹന്നാൻ 3:1).

*നമുക്കുവേണ്ടി യാചിക്കുവാൻ ഒരു കാര്യസ്ഥനുണ്ട്.* "ഒരുത്തൻ പാപം ചെയ്തു എങ്കിലോ, യേശുക്രിസ്തു എന്ന നീതിമാനായ കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കലുണ്ട്, അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു" (1 യോഹന്നാൻ 2:1). നമുക്കു പിതാവിനോടു ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനുമുണ്ട് (1 തിമൊഥെയൊസ് 2:5).

*ഒരു വിശുദ്ധ അതിഥി.* ''നിങ്ങൾ മക്കൾ ആകകൊണ്ടു, 'അബ്ബാ! പിതാവേ!' എന്നു വിളിക്കുന്ന, സ്വപുത്രന്റെ ആത്മാവിനെ, ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു" (ഗലാത്യർ 4:6; ഒ.വാ. പ്രവൃത്തികൾ 2:38; 5:32). നമ്മുടെ അവകാശത്തിന്റെ അച്ചാരമായിട്ടാണ് പരിശുദ്ധാത്മാവിനെ നമ്മിൽ വസിപ്പാൻ തന്നിരിക്കുന്നത് (എഫെസ്യർ 1:13, 14), അതു നമ്മെ ശക്തീകരിക്കുന്നതിനും (എഫെസ്യർ 3:16) ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ടതിനുമാണ് (ഗലാത്യർ 5:22, 23).

*ഉത്തേജിപ്പിക്കുന്ന ഒരു കൂട്ടായ്മ.* ദൈവം നമ്മെ സഭയോടു ചേർത്തു (പ്രവൃത്തികൾ 2:47), നിലനില്ക്കുന്ന വിശ്വാസികളുടെ ഒരു കൂട്ടായ്മ തന്നു, ഭാഗികമായെങ്കിലും, അതിലെ അംഗങ്ങളെ വിശ്വസ്തമായി ജീവിക്കുവാൻ സഹായിക്കുന്നു. സഭയിൽ നാം ''സൽപ്രവൃത്തിയിലും സ്നേഹത്തിലും എങ്ങനെ അന്യോന്യം ഉത്തേജിപ്പിക്കാമെന്നതു കണക്കിലെടുക്കുന്നു," അതു "നമ്മുടെ സഭായോഗങ്ങളെ മുടക്കാതെയും" എന്നാൽ "അന്യോന്യം പ്രബോധിപ്പിച്ചുകൊണ്ടുമാണ്; ..." (എബ്രായർ 10:24, 25).

*സഹായകരമായ ഒരു സന്ദേശം.* "വിശുദ്ധന്മാർക്കിടയിലുള്ള അവകാശം നമുക്കു തരേണ്ടതിന്നു പ്രാപ്തമാക്കുന്ന, കൃപയുടെ വചനമാണ്" ബൈബിളിലുള്ളത് (പ്രവൃത്തികൾ 20:32). അതിൽ വ്യക്തമായ നിർദ്ദേശങ്ങൾ, യേശുവിലുള്ള അത്ഭുത മാതൃക, നീതിപൂർവ്വം ജീവിക്കുന്നതിനുള്ള ശക്തമായ ഉത്തേജനവും നല്കിയിട്ടുണ്ട്.

*സ്വർഗീയ ദാസന്മാർ.* ദൂതന്മാർ "ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്കു അയക്കപ്പെടുന്ന, സേവകാത്മാക്കളാണ്'' (എബ്രായർ 1:14). അതാണ് നാം! ദൂതന്മാർ നമുക്കു വേണ്ടി സേവ ചെയ്യുന്നവരാണ്.

*പ്രാർത്ഥനക്കുള്ള ഒരു നേട്ടം.* യേശു നമ്മോടു പറയുന്നു, "യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും" (മത്തായി 7:7; ഒ.വാ. 1 യോഹന്നാൻ 5:15). പ്രാർത്ഥനക്കു മറുപടി നല്കുമെന്ന വാഗ്ദാനം ക്രിസ്ത്യാനികൾക്കുണ്ട്!

*വിലയേറിയ വാഗ്ദാനങ്ങൾ.* ക്രിസ്ത്യാനികൾ വിശ്വസ്തമായി ജീവിക്കുവാൻ, എല്ലാം നന്മക്കായി അവർക്കു വ്യാപരിക്കുമെന്ന വാഗ്ദാനം ദൈവം നല്കിയിട്ടുണ്ട് (റോമർ 8:28), നമുക്ക് കഴിയുന്നതിനപ്പുറമായി ദൈവം നമുക്ക് പരീക്ഷണങ്ങൾ നല്കുകയില്ല എന്ന വാഗ്ദാനം ഉണ്ട് (1 കൊരിന്ത്യർ 10:13), ദൈവസ്നേഹത്തിൽനിന്നു നമ്മെ ഈ ലോകത്തിൽ ഒരു ശക്തിക്കും വേർപെടുത്തുവാൻ കഴിയുകയില്ല (റോമർ 8:35–39).

*നമുക്ക് ഉറപ്പുള്ളതിന്റെ കാരണം, ദൈവം ആവശ്യപ്പെടുന്നതിൽ നമുക്ക് കുറവു സംഭവിക്കുമ്പോൾ, ദൈവം നമുക്ക് പാപമോചനത്തിനുള്ള അവസരം തരുന്നുണ്ട്.*

ഒരർത്ഥത്തിൽ, തുടർന്നുള്ള നമ്മുടെ രക്ഷ, നമ്മിൽ തന്നെയാണുള്ളത്. ദൈവേഷ്ടം നാം ഏറ്റവും നന്നായി ചെയ്തുകൊണ്ടിരിക്കണം. അതിനർത്ഥം ക്രിസ്ത്യാനികളായാൽ നാം സ്വയമായി ജീവിക്കണം എന്നാണോ? അല്ല. കാരണം നാം വിശ്വസ്തരായിരിപ്പാനും, ഉണർന്നിരിപ്പാനും, ആവേശമുള്ളവരായിരിപ്പാനും നമുക്ക് ലഭ്യമാകുന്ന കർത്താവിന്റെ സഹായം ആവശ്യമാണ്.

നാം വിശ്വസ്തരായിരിപ്പാൻ നമുക്ക് ദൈവസഹായം ലഭിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല നമുക്ക് ഉറപ്പുള്ളത്, പിന്നെയോ നാം ദൈവേഷ്ടം ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുമ്പോൾ അതു ക്ഷമിക്കുവാനുള്ള അവസരവും ദൈവം ഒരുക്കിയിട്ടുണ്ട്. പ്രത്യേകിച്ചു, യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകി കളയുമെന്ന വാഗ്ദാനം നമുക്കുണ്ട്: "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ, നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:7). ഇപ്പോൾ നമ്മുടെ രക്ഷയെകുറിച്ചു നമുക്ക് ഉറപ്പുള്ളത്, നാം പാപരഹിതമായി ജീവിക്കുന്നതുകൊണ്ടല്ല, മറിച്ച് യേശുവിന്റെ രക്തം നമ്മുടെ പാപങ്ങളെ തുടർച്ചയായി കഴുകി കളയുന്നതുകൊണ്ടാണ്!

നാം നമ്മുടെ നീതിയിലോ, ദൈവനിയമങ്ങൾ പൂർണ്ണമായി അനുസരിക്കുന്നു എന്നതിലോ, പാപരഹിതമായി ജീവിക്കുന്നു എന്നതിലോ അല്ല നാം ആശ്രയിക്കേണ്ടത്. അങ്ങനെ ചെയ്താൽ, നാം ആരും രക്ഷിക്കപ്പെടുകയില്ല കാരണം നാം ആരും പാപം ചെയ്യാതിരിക്കുന്നില്ല! നമുക്ക് നമ്മിൽ തന്നെ

ആശ്രയിക്കുവാൻ സാധ്യമല്ല. നമ്മുടെ പാപമോചനത്തിനു നാം ദൈവകൃപയിൽ ആശ്രയിക്കണം. എന്നാൽ, ദൈവകൃപ നമുക്ക് ലഭ്യമായതിനാൽ, നമുക്ക് ദൈവത്തിനു സ്തോത്രം ചെയ്യാം. നാം വെളിച്ചത്തിൽ നടന്നാൽ ദൈവകൃപയാലും യേശുവിന്റെ രക്തത്താലും നാം തുടർച്ചയായി രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കും.

ഇതിന്റെ എല്ലാം അർത്ഥം എന്താണ്? അതിനർത്ഥം *ഇപ്പോൾ നാം ഇവിടെവെച്ചു രക്ഷിക്കപ്പെട്ടിരിക്കുന്നു, എന്നു നമുക്ക് അറിയുവാൻ കഴിയുന്നു* എന്നതാണ്! നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു ഒരിക്കലും പറയുവാൻ സാധ്യമല്ല എന്ന ആശയം പുതിയനിയമത്തിൽ നിന്നു വന്നതല്ല. യോഹന്നാൻ എഴുതി, "ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ഞാൻ ഇതു എഴുതിയിരിക്കുന്നത്, നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നെ" (1 യോഹന്നാൻ 5:13). തീർച്ചയായും, ആ വാഗ്ദാനം നിബന്ധന കൂടാതെയുള്ള*തല്ല*, പക്ഷെ യോഹന്നാൻ പറഞ്ഞതനുസരിച്ച്, തീർച്ചയുള്ള കാര്യമാണ്, നമുക്ക് നിത്യജീവനുണ്ട് എന്നു *നമുക്കു അറിയുവാൻ കഴിയുന്നു*; നമുക്ക്, അതുകൊണ്ട്, ഇപ്പോൾ രക്ഷിക്കപ്പെട്ടു എന്നു *അറിയുവാൻ കഴിയുന്നു*. "നിങ്ങൾ രക്ഷിക്കപ്പെട്ടോ?" എന്നു ആരെങ്കിലും ചോദിച്ചാൽ, നിങ്ങൾ വചനപ്രകാരം ഏറ്റവും വിശ്വസ്തമായി ജീവിക്കുകയാണെങ്കിൽ, "തീർച്ചയായും! ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് എനിക്കറിയാം" എന്നു നിങ്ങൾക്കു ഉത്തരം പറയാം!

*നാം രക്ഷിക്കപ്പെടും എന്നു തീർച്ചയുള്ളതുകൊണ്ടു നമുക്ക് ഉറപ്പിക്കാം.* ഇപ്പോൾ നാം രക്ഷിക്കപ്പെട്ടു എന്നു വിശ്വസിക്കുകയാണെങ്കിൽ പോലും, നിത്യമായി നാം രക്ഷിക്കപ്പെടുമോ ഇല്ലയോ എന്നതു ഉറപ്പിക്കുവാൻ നമുക്കു സാധ്യമല്ല. നാം ഇങ്ങനെ തറപ്പിച്ചു പറയുവാൻ മടിക്കുന്നു, "ഞാൻ മരിക്കുമ്പോൾ, രക്ഷിക്കപ്പെടും," അല്ലെങ്കിൽ, "ഞാൻ സ്വർഗത്തിലേക്കു പോകും. അതിനു ഒരു സംശയവുമില്ല!"

പൗലൊസിന് തന്റെ നിത്യരക്ഷയെക്കുറിച്ചു യാതൊരു സംശയവുമില്ലായിരുന്നു. തന്റെ ജീവിതാവസാനമെത്തിയപ്പോൾ, അവൻ വലിയ ഉറപ്പോടെ പറഞ്ഞു,

> ... എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അതു, നീതിയുള്ള ന്യായാധിപതിയായ കർത്താവു, ആ ദിവസത്തിൽ എനിക്കു നൽകും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ *(2 തിമൊഥെയൊസ് 4:6–8).*

തനിക്കു മാത്രമാണ് ആ ഉറപ്പുള്ളത് എന്നല്ല പൗലൊസ് പറഞ്ഞത് എന്നു ശ്രദ്ധിക്കുക; അവൻ പറഞ്ഞത് "അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും" ഉള്ളതാണ് നിത്യരക്ഷയുടെ അതേ ഉറപ്പ് എന്നാണ്.

എന്നാൽ നാം സ്വർഗ്ഗത്തിൽ പോകും എന്ന് നമുക്ക് എങ്ങനെ തീർച്ചയാക്കുവാൻ കഴിയും? നിത്യജീവന്റെ ഉറപ്പ് നമുക്ക് ലഭിക്കുവാൻ നാം പാപരഹിതമായ ജീവിതം നയിക്കേണ്ടതുണ്ടോ? അങ്ങനെയാണെങ്കിൽ, നാം എല്ലാവരും പാപികളായതുകൊണ്ട്, നമുക്ക് എങ്ങനെ അതു ഉറപ്പിക്കുവാൻ കഴിയും? ദൈവകൃപ മുഖാന്തരം മാത്രമെ നാം സ്വർഗ്ഗത്തിൽ പോകുമെന്ന്

നമുക്ക് തീർച്ചയാക്കുവാൻ പറ്റൂ. ഉദാഹരണമായി, പൗലൊസ് നല്ല മനുഷ്യനായിരുന്ന, ഒനേസിഫോരോസിനെ കുറിച്ച്, പറയുന്നു, "പലപ്പോഴും എന്നെ തണുപ്പിച്ചവനായ ഒനേസിഫോരോസിന്റെ കുടുംബത്തിന് കർത്താവു കരുണ നൽകുമാറാകട്ടെ, ... ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ അവന്ന് സംഗതി വരുത്തട്ടെ. ..." (2 തിമൊഥെയൊസ് 1:16, 18). ഒനേസിഫോരോസ് നല്ല മനുഷ്യനായിരുന്നിട്ടും, ആ ദിവസത്തിൽ അവന്ന് കർത്താവിന്റെ കരുണ ആവശ്യമായിരിക്കുന്നു. അതുപോലെ തന്നെയാണ് നാമും. സുവാർത്ത എന്തെന്നാൽ, ഒനേസിഫോരോസിനു കരുണ ലഭിക്കുന്നതുപോലെ, ആ മഹാദിവസത്തിൽ നമുക്കും അതു ലഭ്യമാണ് എന്നതാണ്! ക്രിസ്തുവിനുവേണ്ടി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തശേഷവും, നാം അയോഗ്യരായ ദാസന്മാർ തന്നെ. നാം അപ്പോഴും ലക്ഷ്യത്തിലെത്താത്തവരാണ്, പക്ഷെ നമ്മുടെ കുറവ് കർത്താവിന്റെ കരുണ പരിഹരിക്കും!

**ഉപസംഹാരം**

ക്രിസ്ത്യാനി കൃപയിൽ നിന്ന് വീണുപോകാൻ ഇടയുണ്ടെന്ന് നാം വിശ്വസിക്കുന്നുവെങ്കിലും, നമുക്കു "അനുഗ്രഹത്തിന്നുറപ്പ്" എന്ന് പാടുവാനും യഥാർത്ഥ ഉറപ്പു ലഭിക്കുവാനും കഴിയുമോ? തീർച്ചയായും പാടുവാൻ കഴിയും കാരണം നാം മുൻപ് രക്ഷിക്കപ്പെട്ടു എന്ന് തീർച്ചയാക്കിയതാണ്, നാം ദിവസേന രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കയും, സ്വർഗ്ഗത്തിൽ എന്നേക്കും രക്ഷിക്കപ്പെടുകയും ചെയ്യും!

അത്, തീർച്ചയായും, നമ്മുടെ രക്ഷയെ ഉപേക്ഷയായി വിചാരിക്കാമെന്ന് അർത്ഥമാക്കുന്നില്ല. നാം അപ്പോഴും വെളിച്ചത്തിൽ നടക്കുകയും (1 യോഹന്നാൻ 1:7), ഉത്സാഹത്തോടെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുകയും (2 പത്രൊസ് 1:10), മരണം വരെ നമ്മുടെ വിശ്വസ്തത നിലനിർത്തുവാൻ ഏറ്റവും നന്നായി പ്രവർത്തിക്കുകയും വേണം (വെളിപ്പാട് 2:10). ക്രിസ്ത്യാനി ലോകത്തിലേക്ക് പിൻമാറി പോകയോ അല്ലെങ്കിൽ മന്ദീഭവിക്കുകയോ ചെയ്താൽ നാം ചിന്തിച്ചതായ തിരുവെഴുത്തുകളുടെ ഉറപ്പ് ലഭിക്കുന്നതല്ല.

എന്നാൽ നിങ്ങൾ നിങ്ങളുടെ കഴിവിന്റെ പരമാവധി നന്നായി ജീവിച്ചാൽ, ഒരു ദൈവപൈതലായി തീരുന്നതിന്റെ വലിയ ഒരു ഉറപ്പ് നിങ്ങൾക്കുണ്ട്.

അതു ഇങ്ങനെ ഞാൻ ചിത്രീകരിക്കട്ടെ: ഒരു കുട്ടി ആയിരുന്നപ്പോൾ, ഡാഡി അരികത്തുണ്ടായിരിക്കുമ്പോൾ എനിക്ക് ഒരു വിഷമവുമില്ലായിരുന്നു. അദ്ദേഹം എന്റെ അടുത്തുണ്ടാകുമ്പോൾ, ഏതപകടവും, ഏതു പ്രശ്നവും, കൈകാര്യം ചെയ്യത്തക്കവണ്ണം, എന്നെ സംബന്ധിച്ച് കഴിവുള്ള, 135 പൗണ്ട് തൂക്കവും ആറടിയിൽ കുറയാത്ത ഉയരവും ഉള്ള വ്യക്തിയായിരുന്നു. അതിലുപരിയായി, അദ്ദേഹം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്യുമെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ടു എന്റെ ഡാഡി അടുത്തുണ്ടാകുമ്പോൾ എനിക്ക് ഒരു ഭയവും ഉണ്ടായിരുന്നില്ല. പകരം അത്ഭുതകരമായ ഒരു ഉറപ്പാണ് എനിക്കനുഭവപ്പെട്ടത്. ഞാൻ വളർന്നപ്പോൾ പോലും, എനിക്ക് എല്ലായ്പ്പോഴും ആശ്രയിക്കാവുന്ന ഒരു ശക്തിഗോപുരമായിട്ടാണ് ഞാൻ ഡാഡിയെ കണ്ടത്. എന്തെല്ലാം മാറിയാലും, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം, അദ്ദേഹത്തിന്റെ മൂല്യം, അദ്ദേഹത്തിന്റെ സ്നേഹം എന്റെ ജീവിതത്തിൽ നിലനിന്നിരുന്നു.

അത് എന്നെ ഉറപ്പിക്കയുണ്ടായി. തീർച്ചയായും, അദ്ദേഹത്തിന്റെ സ്നേഹത്തിലും കരുതലിലും അച്ചടക്കവും ഉൾപ്പെട്ടിരുന്നു. എന്നാൽ എന്റെ തെറ്റുകൾക്കെല്ലാം ക്ഷമാപണം ഉണ്ടായിരുന്നു എന്ന് എനിക്കറിയാമായിരുന്നു. ഇതിൽ, ഒരു ഉറപ്പുകൂടെ, ഉണ്ടായിരുന്നു. സഹജമായി, ഞാൻ ശരിയായ വഴിയിൽ നിന്ന് അകന്നുപോകുമ്പോൾ, ഡാഡി എന്നെ സ്നേഹിക്കുന്നതിൽ നിന്നു പിന്മാറുകയില്ല, എന്നാൽ അദ്ദേഹത്തിന്റെ മകൻ എന്നുള്ള ആനുകൂല്യങ്ങൾ എനിക്കു നഷ്ടമാകും എന്നു എനിക്കറിയാമായിരുന്നു. ഞാൻ ഒരിക്കലും അടുത്തുവന്ന് അങ്ങനെ ചെയ്തില്ലെങ്കിലും, അദ്ദേഹം എത്ര നല്ലവനായി എല്ലായ്പ്പോഴും ഇരുന്നിട്ടുണ്ടെങ്കിലും, എന്തെല്ലാം എനിക്കു നല്കിയിരുന്നെങ്കിലും ഞാൻ അദ്ദേഹത്തിന് അടുത്തല്ലെങ്കിലും അതുകൊണ്ടു പ്രയോജനമില്ല.

ഒരു നല്ല പിതാവിന് തന്റെ മകനോടു അങ്ങനെ ചെയ്യുവാൻ കഴിയുമെങ്കിൽ, നമ്മുടെ പിതാവായ ദൈവത്തിന് എത്രത്തോളം ഉറപ്പു നൽകുവാൻ കഴിയും (മത്തായി 7:9–11). നമ്മുടെ ദൈവം, ഏതു സാഹചര്യത്തിലും എന്റെ ഡാഡിയെപോലെ, തീർച്ചയായും അതിലധികമായും, നമ്മെ സ്നേഹിക്കുകയും, നമ്മെ കരുതുകയും, ഏതൊരു പ്രശ്നവും പരിഹരിക്കത്തക്ക രീതിയിൽ, അവൻ ശക്തനും ആണ് എന്നു നമുക്കു വിശ്വസിക്കാം, അവൻ ഒരിക്കലും മാറാത്തവനാണ്. അതു തന്നെ അത്ഭുതകരമായ ഉറപ്പല്ലേ?

നാം തെറ്റു ചെയ്യുമ്പോൾ അവനെ ദുഃഖിപ്പിക്കുന്നുവെങ്കിലും, അവൻ നമ്മോടു എപ്പോഴും ക്ഷമിക്കുവാൻ തയ്യാറാണ്. നമ്മുടെ പിതാവിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും തള്ളിക്കളഞ്ഞ് നാം അകന്നുപോകുമ്പോൾ, അവൻ നമ്മെ സ്നേഹിക്കാതിരിക്കയില്ല, എന്നാൽ നാം അവന്റെ പുത്രത്വത്തിന്റെ ആനുകൂല്യങ്ങൾ നഷ്ടമാക്കുന്നു.

അതെ, ദൈവം നമ്മുടെ പിതാവാണ്; നാം അവന്റെ ഭവനമാണ്! അതാണ് ഉറപ്പ്!

നിങ്ങൾ ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ, ഈ ഉറപ്പ്, നിങ്ങൾക്കും, വിശ്വാസത്താലും അനുസരണത്താലും ഒരു ദൈവപൈതലായി തീരുമ്പോൾ ലഭിക്കും (ഗലാത്യർ 3:26, 27).